ഉത്തരം

(എ&ബി) കെല്ലംകോട് മണ്ഡലത്തിലെ സി.എച്ച.സി./പി.എച്ച്.സി.-കളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി എൻ.ആർ.എച്ച്.എം., സി.ആർ.എസ്. ഡിപ്ലോയ്മെന്റ് മുഖേന നിയമനം നടത്തിയിട്ടുണ്ട്.

(സി) സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ആശുപത്രി നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ

46 (1770) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ എത്ര നഴ്സുമാർ ജോലി ചെയ്യുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിജപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ നഴ്സുമാർക്ക് ഓരോ ആശുപത്രിയിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ശമ്പളം ലഭിക്കുന്നത് എന്നതുകൊണ്ട് ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ചില ആശുപത്രികളിൽ ഇവരെക്കൊണ്ട് തൂപ്പു ജോലി വരെ ചെയ്യിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ഇവരുടെ ജോലി തരംതിരിച്ചു നൽകുവാനും ജോലി സുരക്ഷ ഉറപ്പു വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സ്വകാര്യ ആശുപത്രി നഴ്സുമാരുടെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 1705 സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. 29176 നഴ്സുമാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ, ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിയിലെ ജീവനക്കാർക്ക് നൽകേണ്ടതായ കുറഞ്ഞകൂലി ജി.ഒ.(എംഎസ്.)നമ്പർ 174/2009/എൽ.ബി.ആർ. തീയതി 16-12-2009 സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മിനിമം വേതന വിജ്ഞാപനത്തിൽ ഓരോ തസ്തികയുടേയും യോഗ്യതയും പ്രവൃത്തിപരിചയവും പ്രതിമാസ വേതന സ്കെയിലും നിശ്ചയിച്ചിട്ടുണ്ട് എന്നതിനാൽ ഇക്കാര്യത്തിൽ ഇനി ഒരു ഏകീകരണത്തിന്റെ ആവശ്യമില്ല.

(ഡി) പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ ഇക്കാര്യത്തിൽ തൊഴിൽവകുപ്പിൽനിന്നും നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) മാനേജ്മെന്റ് പ്രതിനിധികളുടെയും സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മെഖലയിലെ തൊഴിലാളി യൂണിയനുകളുടെയും അഭിപ്രായം വിവിധഘട്ടങ്ങളിൽ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ മിനിമം വേതന കമ്മിറ്റി സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ആർ.സി.സി.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

47 (1773) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മതിയായ ഡോക്ടർമാർ ഇല്ലാത്തത് കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആർ. സി. സി.യിൽ ഏതൊക്കെ വിഭാഗത്തിലാണ് ഡോക്ടർമാരുടെ ഒഴിവുകളുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ആർ. സി. സി. യിൽ മെഡിക്കൽ ഓങ്കോളജി, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ വിഭാഗങ്ങളിൽ മതിയായ ഡോക്ടർമാരെയും ആർ. എം. ഒ. മാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആർ. സി. സി.യിൽ പുതിയ തസ്തിക സൃഷ്ടിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ഇ) ഏതൊക്ക തസ്തികകളാണ് പുതുതായി സൃഷ്ടിക്കുന്നതെന്നും, ഏതൊക്കെ ഒഴിവുകളാണ് നികത്താൻ ഉദ്ദേശിക്കുന്നതെന്നും പേര് സഹിതം വെളിപ്പെടുത്തുമോ ;

(എഫ്) ആർ. സി. സി. യിലെ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് തസ്തിക സൃഷ്ടിക്കാൻ വിദഗ്ദ്ധസമിതിയെക്കൊണ്ട് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീജിയണൽ കാൻസർ സെന്ററിലെ അനസ്തേഷ്യ, മെഡിക്കൽ ഓംകോളജി, പത്തോളജി, റേഡിയോതെറാപ്പി എന്നീ വിഭാഗങ്ങളിൽ പ്രൊഫസർ തസ്തികയും റേഡിയോ ഡയഗ്നോസിസ് (Imageology) വിഭാഗത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly